**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3055** **19.06.2018 ൽ മറുപടിയ്ക്ക്**

## ജൈവകൃഷി പ്രോത്സാഹിപ്പിക്കാൻ നടപടി

**ചോദ്യം**
**ശ്രീ.പി.കെ.ബഷീർ**

**മറുപടി**
**ശ്രീ. വി.എസ്. സുനിൽ കുമാർ**
**(കൃഷി വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| എ) | ഈ സർക്കാരിന്റെ കാർഷിക നയം എന്താണെന്ന് വ്യക്തമാക്കുമോ; | എ) | ജൈവകൃഷിക്ക് പ്രാധാന്യം നൽകി കൊണ്ടുള്ള ഒരു ജൈവ കാർഷിക നയമാണ് ഈ സർക്കാരിന്റെ കാർഷിക നയം. |
| ബി) | ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | ബി) | ജൈവ കൃഷി നടത്തുന്ന കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പ് സാമ്പത്തിക വർഷം 1011 ലക്ഷം രൂപയുടെ വിവിധ പദ്ധതികളാണ് നടപ്പിലാക്കുന്നത്. പദ്ധതിയിലെ പ്രധാന ഘടകങ്ങൾ ചുവടെ ചേർക്കുന്നു.<br>1. ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള ജൈവകൃഷി പ്രവർത്തനങ്ങൾ.<br>2. ഇക്കോഷോപ്പുകൾ.<br>3. ജൈവ ഉല്പന്നങ്ങളുടെ നേരിട്ടുള്ള വിപണനം.<br>4. കാസർഗോഡ് ജില്ലയിൽ പി.ജി.എസ് സർട്ടിഫിക്കേഷൻ.<br>5. സമ്പൂർണ്ണ ജൈവ കാർഷിക മണ്ഡലം അവാർഡ്.<br>6. കുട്ടനാട് ജി.എ.പി പദ്ധതി. |
| സി) | ഇതിനായി 2016-17, 2017-18 വർഷങ്ങളിൽ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കുമോ; | സി) | <u>I. ജൈവ കൃഷിയും ഉത്തമ കൃഷി മുറകളും 2016-17</u><br>1. ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള ജൈവകൃഷി പ്രവർത്തനങ്ങൾ - ഓരോ ക്ലസ്റ്ററിനും ഹെക്ടറിന് 3000 രൂപ നിരക്കിൽ ധനസഹായം ലഭ്യമാക്കുന്നു. |

| | | | |
|---|---|---|---|
| | | | 2. ജൈവവള നിർമ്മാണ യൂണിറ്റ് - ഈ പദ്ധതി പ്രകാരം കർഷകരുടെ കൃഷിയിടങ്ങളിൽ തന്നെ ജൈവവളം ഉല്പാദിപ്പിക്കുന്നതിന് ധനസഹായം നൽകുന്നു.<br>3. ഇക്കോഷോപ്പുകൾ - ജി.എ.പി ക്ലസ്റ്ററുകളിൽ നിന്നും ഉല്പാദിപ്പിക്കപ്പെടുന്ന ജൈവ പഴം-പച്ചക്കറി ഉല്പന്നങ്ങൾ വിപണനം നടത്തുന്നതിന് 15 ഇക്കോഷോപ്പുകൾ സ്ഥാപിച്ചു.<br>4. ജൈവ ഉല്പന്നങ്ങളുടെ നേരിട്ടുള്ള വിപണനം -ഉത്തമ പരിചരണ മുറ ക്ലസ്റ്ററുകളിൽ നിന്നും സംഭരിച്ച പഴം- പച്ചക്കറി ഉല്പന്നങ്ങൾ ഗ്രേഡിംഗ്, പായ്ക്കിംഗ് എന്നിവ നടത്തി നഗരസഭകൾ, മുനിസിപ്പാലിറ്റികൾ, റെസിഡൻറ്സ് അസോസിയേഷനുകൾ എന്നിവ കേന്ദ്രീകരിച്ച് വിപണനം നടത്തുന്നതിന് തിരഞ്ഞെടുക്കപ്പെട്ട 18 ക്ലസ്റ്ററുകൾക്കായി ധനസഹായം അനുവദിച്ചു.<br>5. ജൈവ കാർഷിക മണ്ഡലം അവാർഡ് - ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനുമായി നിയോജക മണ്ഡലം, മുൻസിപ്പാലിറ്റി, ഗ്രാമപഞ്ചായത്ത് എന്നി തലങ്ങളിൽ മികവിന്റെ അടിസ്ഥാനത്തിൽ അവാർഡുകൾ ഏർപ്പെടുത്തി.<br><u>II. ജൈവ കൃഷിയും ഉത്തമ കൃഷി മുറകളും 2017-18</u><br>1. ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള ജൈവകൃഷി പ്രവർത്തനങ്ങൾ.<br>2. ഇക്കോഷോപ്പുകൾ.<br>3. ജൈവ ഉല്പന്നങ്ങളുടെ നേരിട്ടുള്ള വിപണനം.<br>4. ജൈവ കാർഷിക മണ്ഡലം അവാർഡ്.<br>5. കാസർഗോഡ് ജില്ലയിൽ പി.ജി.എസ് സർട്ടിഫിക്കേഷൻ - കാസർഗോഡ് ജില്ലയെ സമ്പൂർണ്ണ ജൈവകൃഷി ജില്ലയാക്കുന്നതിന്റെ ഭാഗമായി പി.ജി.എസ് സർട്ടിഫിക്കേഷൻ പ്രോഗ്രാം നടപ്പാക്കുന്നു.<br>6. കുട്ടനാട് ജി.എ.പി പദ്ധതി - കുട്ടനാട്ടിൽ സുസ്ഥിര ജൈവ നെൽകൃഷി നടപ്പിലാക്കുന്നതിനും കുട്ടനാടിനെ പ്രത്യേക കാർഷിക മേഖലയാക്കുന്നതിനും ഉദ്ദേശിച്ചുള്ള പദ്ധതിയാണിത്.<br>7. പരമ്പരാഗത് കൃഷി വികാസ് യോജന- ജൈവ കൃഷി പ്രോത്സാഹിപ്പി ക്കുവാനായി കേന്ദ്രാവിഷ്കൃത പദ്ധതിയായ പരമ്പരാഗത കൃഷി |

| | | | |
|---|---|---|---|
| | | | വികാസ് യോജന 2407 ഹെക്ടറിൽ നടപ്പാക്കി വരുന്നു. |
| ഡി) | സംസ്ഥാനത്ത് എവിടെയെല്ലാമാണ് കൃഷി വകുപ്പിന്റെ ജൈവ കൃഷിത്തോട്ടങ്ങൾ സ്ഥിതിചെയ്യുന്നത്; | ഡി) | പൂർണ്ണമായും ജൈവകൃഷി നടപ്പിലാക്കിയ തോട്ടങ്ങൾ കൃഷി വകുപ്പിന്റെ കീഴിൽ ഇല്ല. എന്നാൽ തോട്ടങ്ങളിൽ ജൈവകൃഷിയും നല്ല കാർഷിക മുറകളും പാലിക്കുന്ന കൃഷി നിലവിലുണ്ട്. |
| ഇ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ജൈവകൃഷിയിൽ ഉണ്ടായിട്ടുള്ള വർദ്ധനവ് എത്രയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ? | ഇ) | (see table below) |

| ക്രമ.നം | ജില്ല | ഏരിയ(ഹെക്ടർ) |
|---|---|---|
| 1 | തിരുവനന്തപുരം | 1075 |
| 2 | കൊല്ലം | 1025 |
| 3 | പത്തനംതിട്ട | 775 |
| 4 | ആലപ്പുഴ | 975 |
| 5 | കോട്ടയം | 775 |
| 6 | ഇടുക്കി | 1700 |
| 7 | എറണാകുളം | 1275 |
| 8 | തൃശ്ശൂർ | 1500 |
| 9 | പാലക്കാട് | 1125 |
| 10 | മലപ്പുറം | 1275 |
| 11 | കോഴിക്കോട് | 850 |
| 12 | വയനാട് | 475 |
| 13 | കണ്ണൂർ | 975 |
| 14 | കാസർഗോഡ് | 250 |

**സെക്ഷൻ ഓഫീസർ**